മാധ്യമം

05 February 2020

# മീനിൻെറ ചെവിക്കല്ലിൽനിന്ന് ഇനി കമ്മലും ലോക്കറ്റും

● മീനിൻെറ ചെവിക്കല്ല് ആഭരണമാക്കാൻ സാങ്കേതികവിദ്യ വികസിപ്പിച്ചത് സി.എം.എഫ്.ആർ.ഐ

**കൊച്ചി:** ഈ കമ്മലുകൾ ആരുടെയും ശ്രദ്ധ പിടിച്ചുപറ്റും. അത്രക്കുണ്ട് അവയുടെ രൂപഭംഗി. എന്നാൽ, നിർമിച്ചിരിക്കുന്നതാകട്ടെ മീനിൻെറ ചെവിക്കല്ലുകൾകൊണ്ട്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിച്ച പ്രദർശനത്തിലാണ് മീനിൻെറ ചെവിക്കല്ലിൽതീർത്ത ആഭരണങ്ങൾ ശ്രദ്ധേയമാകുന്നത്.

മീനുകളുടെ ചെവിക്കല്ല് ഉപയോഗിച്ച് സി.എം.എഫ്.ആർ.ഐ രൂപകൽപന ചെയ്ത കമ്മലുകൾ കാണാൻ വൻതിരക്കാണ് അനുഭവപ്പെട്ടത്. ഭൂരിഭാഗം മീനുകൾക്കും ചെവിക്കല്ലുണ്ടെങ്കിലും പത്താളം മീനുകളുടേത് മാത്രമാണ് ആഭരണങ്ങൾ നിർമിക്കാൻ അനുയോജ്യമായി ഇതുവരെ കണ്ടെത്തിയത്. ചെവിക്കല്ലുകൾ വേർപെടുത്തി വെള്ളി ലോഹത്തിലാണ് കമ്മലുകൾ രൂപകൽപന ചെയ്തിട്ടുള്ളത്.

മീനുകളെ തിരിച്ചറിയാനും അവയുടെ പ്രായം കണക്കാക്കാനും ചെവിക്കല്ല് സഹായകമാണ്. ഇതിനായി ചെവിക്കല്ലുകൾ ശേഖരിച്ചപ്പോഴാണ് ആഭരണങ്ങൾ നിർമിക്കാനും ഉപയോഗിക്കാമെന്ന് കണ്ടെത്തിയതെന്ന് ഉപരിതല മത്സ്യഗവേഷണ വിഭാഗം തലവനും പ്രിൻസിപ്പൽ സയൻറിസ്റ്റുമായ ഡോ. അബ്ദുസ്സമദും ടെക്നിക്കൽ ഓഫിസർ എൻ.വി. ദീപ്തിയും പറഞ്ഞു. രാജ്യത്ത് ഇത്തരത്തിലുള്ള ആഭരണ നിർമാണം ആദ്യമാണ്.

ഈജിപ്ത്, ബ്രസീൽ, ഇറ്റലി, അലാസ്ക എന്നീ രാജ്യങ്ങളിൽ ഇവ ഭാഗ്യക്കല്ലായി ഉപയോഗിക്കുന്നുണ്ട്. ഇന്ത്യൻ തീരങ്ങളിലെ ആയിരത്തോളം ഇനം മത്സ്യങ്ങളുടെ ചെവിക്കല്ലുകളുടെ ശേഖരം സി.എം.എഫ്.ആർ.ഐയിലുണ്ട്. മാലകളുടെ ലോക്കറ്റ്, ബ്രെയ്സ്‌ലറ്റ് തുടങ്ങിയവയും മീൻ ചെവിക്കല്ലുകൊണ്ട് നിർമിക്കാം. വെള്ളിയിൽ നിർമിക്കുമ്പോൾ ഒരു കമ്മലിന് ആയിരം രൂപയോളം വിലവരും. വ്യാവസായികമായി ഇവ നിർമിക്കാനുദ്ദേശിക്കുന്നവർക്ക് സി.എം.എഫ്.ആർ.ഐയെ സമീപിക്കാം.

സി.എം.എഫ്.ആർ.ഐയുടെ പഠനപ്രകാരം കേരളതീരത്തുനിന്ന് ലഭിക്കുന്ന മത്തിയുടെ ആയുസ്സ് ഒന്നര വർഷവും അയലയുടേത് രണ്ടര വർഷവുമാണ്. കേരക്ക് 19 വർഷം വരെ ആയുസ്സ് ഉണ്ടെന്നും ചെവിക്കല്ല് ഉപയോഗിച്ചുള്ള പഠനത്തിൽ വ്യക്തമായി.



*മീനിൻെറ ചെവിക്കല്ല്കൊണ്ട് നിർമിച്ച ആഭരണങ്ങൾ*